## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 202**      **08.02.2016 ന് മറുപടിയ്ക്ക്**

## വ്യാജമദ്യത്തിന്റെ ഉപഭോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കെ.വി.അബ്ദുൾ ഖാദർ :** | | **ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | 2011-മുതൽ 2015 വരെ ഓരോ വർഷവും ഡിസംബർ 31 ന് സംസ്ഥാനത്ത് വിറ്റഴിക്കപ്പെട്ട മദ്യത്തിന്റെ വിറ്റുവരവ് എത്രയാണെന്ന് വിശദമാക്കുമോ; | (എ) | ബിവറേജസ് കോർപ്പറേഷനിൽ നിന്നും 2011 മുതൽ 2015 വരെ ഓരോ വർഷവും ഡിസംബർ 31 ന് സംസ്ഥാനത്ത് വിറ്റഴിക്കപ്പെട്ട മദ്യത്തിന്റെ വിറ്റുവരവ് ചുവടെ ചേർക്കുന്നു. |
| (ബി) | ഇക്കഴിഞ്ഞ പുതുവത്സര തലേന്ന് സംസ്ഥാനത്തെങ്ങും സെക്കൻസ് ഉൾപ്പെടെയുള്ള അനധികൃത മദ്യം വ്യാപകമായി വിറ്റഴിക്കപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എക്സൈസ് അധികൃതർ പിടിച്ചെടുത്ത വ്യാജമദ്യത്തിന്റെ കണക്ക് വ്യക്തമാക്കാമോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>കോഴിക്കോട് ഡിവിഷനിൽ ഇക്കഴിഞ്ഞ പുതുവൽസരത്തലേന്ന് 26.5 ലിറ്റർ മാഹി വിദേശമദ്യവും 10.5 ലിറ്റർ ഗോവൻ വിദേശമദ്യവും പിടിച്ചെടുത്ത് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ പാലക്കാട് ഡിവിഷനിൽ 5 ലിറ്റർ ചാരായം കണ്ടെടുത്ത് കേസാക്കിയിട്ടുള്ളതാണ്. |
| (സി) | വ്യാജമായി വിറ്റഴിക്കപ്പെട്ട മദ്യത്തിന്റെ കണക്കുകൾകൂടി പരിഗണിച്ചാൽ പുതുവത്സര തലേന്ന് മദ്യത്തിന്റെ ഉപഭോഗം വൻതോതിൽ വർദ്ധിച്ചിട്ടുള്ളതായി അറിയാമോ? | (സി) | വൻതോതിൽ വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(എ) ഉത്തരത്തിലെ പട്ടിക:

| വർഷം | ഡിസംബർ 31-ാം തീയതിയിലെ മദ്യത്തിന്റെ വിറ്റുവരവ് (രൂപ കോടിയിൽ) |
|---|---|
| 2011 | **32.50** |
| 2012 | **30.98** |
| 2013 | **35.82** |
| 2014 | **42.01** |
| 2015 | **44.60** |

**സെക്ഷൻ ഓഫീസർ**